ജയിൽ ആസ്ഥാനകാര്യാലയം,
തിരുവനന്തപുരം-12

നമ്പർ.119/ക്യാമ്പ്/ഡി.ജി.പി(പ്രിസൺസ്)/2014 തീയതി :07-06-2014

## സർക്കുലർ നമ്പർ 27/2014

ഏതാനും മാസങ്ങൾക്ക് മുൻപു തന്നെ ജയിലുകളിലെ അപര്യാപ്തമായ സ്റ്റാഫിനെ ഉപയോഗിച്ച് എങ്ങനെ കാര്യക്ഷമമായി സുരക്ഷ ഉറപ്പക്കാം എന്നതിനെപ്പറ്റി നിർദ്ദേശം നൽകിയിരുന്നു [(1) 18/12/2013 ലെ സർക്കുലർ നമ്പർ 3/2013 (2) 10/1/2014 ലെ സർക്കുലർ നമ്പർ 2/2014)]. എന്നാൽ വിയ്യൂർ സെൻട്രൽ ജയിലിൽ ഇത്തരം ന്റിർദ്ദേശങ്ങൾ ഒന്നും പാലിക്കാതെ ചില തടവുകാർക്ക് ഫോൺ വിളിക്കാൻ 3 മാസത്തിലധികം സമയം, സൗകര്യം ലഭിച്ചതായി കാണുന്നു. സൂപ്രണ്ടിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ മുതൽ താഴോട്ടുള്ള ജയിൽ ഉദ്യോഗസ്ഥരുടെ അനാസ്ഥയാണ് ഇത് കാണിക്കുന്നത്. ജയിലിൽ ഉള്ള തടവുകാരിൽ 90% ഉം ജയിലിലെ നിർദ്ദേശങ്ങൾ അനുസരിക്കുന്നവരും പ്രശ്നങ്ങൾ ഉണ്ടാക്കാത്ത വരുമാണ്. കൈവിരലിൽ എണ്ണാവുന്നത്ര തടവുകാർ മാത്രമാണ് പ്രശ്നങ്ങൾ ഉണ്ടാക്കു ന്നത്. ആയതിനാൽ അത്തരം തടവുകരെ പ്രത്യേകം ശ്രദ്ധിക്കാൻ തന്നിരുന്ന നിർദ്ദേശം പാലിക്കാത്തതു കൊണ്ടാണ് വിയ്യൂരിൽ ഇത്തരം ഒരവസ്ഥ ഉണ്ടായത്.

ആയതിനാൽ ഓരോ സെൻട്രൽ ജയിലിലേയും,ജില്ലാ ജയിലുകളിലേയും, വനിതാ ജയിലുകളിലേയും, സ്പെഷ്യൽ സബ് ജയിലുകളിലേയും, സബ് ജയിലുകളിലേയും (എല്ലാ ജയിലുകളിലേയും)പ്രത്യേകം ശ്രദ്ധിക്കേണ്ട തടവുകാരുടെ ലിസ്റ്റ്, അതാത് ജയിൽ സൂപ്രണ്ട് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഇതിന്റെ ഒരു പകർപ്പ് അതാത് മേഖലാ ഡി.ഐ.ജി മാർക്കും മറ്റ് ഒരു പകർപ്പ് ഹെഡ്ക്വാർട്ടേസ് ഡി.ഐ.ജി.യ്ക്കും ഓരോ ആഴ്ചയിലും നൽകേണ്ടതാണ്. ജയിലിലെ ഇതുവരെയുള്ള റിമാൻറ് കാലാവധിയിലും, ശിക്ഷാകാലാവധിയിലുമുള്ള കാലഘട്ടത്തിൽ അവരിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ, മാധ്യമങ്ങളുടെ പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റിയ തടവുകാർ, വളരെ ക്രൂരമായ ആക്രമണങ്ങൾ നടത്തിയ കേസിലെ തടവുകാർ, മരണ ശിക്ഷയ്ക്ക് വിധിക്കപ്പെട്ടിട്ടുള്ള തടവുകാർ, രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് ജയിലിൽ ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്താൻ സാധ്യതയുള്ള തടവുകാർ, മറ്റ് സ്വാധീനങ്ങൾ ഉപയോഗിച്ച് ജയിൽ ഉദ്യോഗസ്ഥരെ സ്വാധീനിക്കാൻ സാധ്യതയുള്ള തടവുകാർ എന്നിവരെയാണ് ഇത്തരത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടത്. ഇത്തരത്തിലുള്ള ഒരു ലിസ്റ്റ് ഉണ്ടാക്കി അത്തരം പ്രതികളെ സദാസമയം നിരീക്ഷിക്കുന്നതിന് പ്രത്യേകം ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. വിയ്യൂർ സെൻട്രൽ ജയിലിൽ കണ്ടുപിടിച്ചതുപോലെ ഏതെങ്കിലും ഒരു തടവുകാരനോ/തടവുകാരിയോ മാസങ്ങളോളം അനധികൃതമായി മൊബൈൽഫോൺ ഉപയോഗിക്കുന്നതുപോലെയുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ ജയിലിൽ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഇതുവരെ നൽകിയിട്ടുള്ള

നിർദ്ദേശങ്ങളുടെ മന:പൂർവമായ ലംഘനമായി കണക്കാക്കുന്നതാണ്. സൂപ്രണ്ട് മുതൽ വാർഡർമാർ വരെയുള്ള എല്ലാ ഉദ്യോഗസ്ഥന്മാരും ഇതിന് കാരണക്കാരാകുന്നതുമാണ്. ഇനിയും ഇത്തരം സംഭവങ്ങൾ ഉണ്ടാവുകയാണെങ്കിൽ ജയിൽ സൂപ്രണ്ട് മുതൽ വാർഡർ വരെയുള്ള ഉദ്യോഗസ്ഥരെ പ്രതികളാക്കി കേസെടുത്ത് നടപടി സ്വീകരിക്കേണ്ടിവരുമെന്ന് എല്ലാവരെയും വീണ്ടും ഓർമ്മപെടുത്തുന്നു.

ഏതെങ്കിലും തടവുകാരൻെറ കാര്യത്തിൽ നിയമാനുസൃതമല്ലാത്ത നടപടികൾ സ്വീകരിക്കുന്നതിന്, എന്തെങ്കിലും വിധത്തിലുള്ള സമ്മർദ്ദം നടത്തുന്നതിനോ, സ്വാധീനിക്കുന്നതിനോ, ആരെങ്കിലും ഫോൺ ചെയ്യാൽ അത് റെക്കോർഡ് ചെയ്ത് നടപടി എടുക്കേണ്ടതാണ്. ഇത്തരത്തിൽ റെക്കോർഡ് ചെയ്യുന്ന ഫോണുകളുടെ കോപ്പി ഡി.ജി.പി. (പ്രിസൺസ്) ന് അതാത് ആഴ്ചയിൽ തന്നെ അയച്ചു തരേണ്ടതാണ്.

ടി.പി. സെൻകുമാർ ഐ.പി.എസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ്
ആൻറ് കറക്ഷണൽ സർവ്വീസസ്

എല്ലാ മേഖലാ ഡി.ഐ.ജി. മാർക്കും
എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും